95 (491) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി നിയമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി നിയമം മാറി കേന്ദ്ര നിയമം എന്ന് മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം അനുസരിച്ച് സ്വകാര്യവ്യക്തികൾ നിർമ്മിക്കുന്ന കെട്ടിടങ്ങളിലെ സെസ്സ് ഇനത്തിൽ എത്ര കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടങ്ങളിൽനിന്നും സെസ്സ് ഈടാക്കുന്നതിന് ആരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ബോർഡിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്നാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) 1996-97, 1997-98 എന്നീ വർഷങ്ങളിൽ വില്ലേജുകളുടെ സെസ്സ് ഇനത്തിൽ മാത്രം എത്ര കോടി രൂപ ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17.8.1998-ൽ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് കേരള ചട്ടങ്ങൾ 1998 നിലവിൽ വന്നെങ്കിലും 1.11.1998-ൽ പുതിയ ബോർഡ് രൂപീകൃതമായത് മുതലാണ് കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഈ ഇനത്തിൽ ഇതുവരെയും തുകയൊന്നും ലഭിച്ചിട്ടില്ല.

(സി) ആരേയും നിയോഗിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) 29.4.1999-ൽ

(എഫ്) 1989-ലെ കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നിർമ്മാണരംഗത്തുനിന്നും ക്ഷേമനിധിയിലേക്ക് അംശദായവിഹിതമായി 1996-97-ൽ 3,01,88,049/- രൂപയും 1997-98-ൽ 2,62,14,324/- രൂപയും ലഭിച്ചിട്ടുണ്ട്.

96 (492) ക്ഷേമനിധികളിലേക്ക് പിരിച്ചെടുക്കുന്ന സംഖ്യ

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധികളിലേക്ക് പിരിച്ചെടുക്കുന്ന സംഖ്യകളിൽ കൂടുതലും ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി ചില ബോർഡുകൾ ചെലവാക്കേണ്ടിവരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly